ശ്രീ എ. ജെ. ജാൻ: അതിനും ഒരു പുതിയബില്ല് നിയമസഭയിൽ പാസാക്കിയാലേ ഒക്കുകയുള്ളൂ.

പോലീസുദ്യോഗസ്ഥന്മാരെ സംബന്ധിച്ച സർക്കുലർ

*൩൪൯ (൧൨) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പോലീസുദ്യോഗസ്ഥന്മാരേയും പോലീസുകാരെയും അവരുടെ വീടിനും താമസിടിനും ഫ 8 മൈൽ ദൂരെയല്ലാതെ നിയമിക്കാൻ പാടില്ലെന്നു ഒരു സർക്കുലർ ഉള്ളതായി അറിയാമോ;

(ബി) ഇതു ശരിയായി പാലിക്കപ്പെട്ടുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്തു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അറിയാം.

(ബി) കഴിയുന്നത്ര പാലിക്കപ്പെട്ടുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. വി. ജോസഫ്: കഴിയുന്നത്ര പാലിക്കുന്നുണ്ടെന്നു പറഞ്ഞാൽ ചിലപ്പോൾ പാലിക്കുന്നില്ലെന്നും അർത്ഥമില്ലേ? എല്ലായ്പ്പോഴും എന്തുകൊണ്ടാണ് അതു കൃത്യമായി പാലിക്കാതിരിക്കുന്നതു?

ശ്രീ. ടി. കെ. നാരായണപിള്ള: അസാധാരണ പരിതസ്ഥിതികളിൽ ചിലപ്പോൾ പാലിക്കാൻ നിവൃത്തിയില്ലാതെവരാനും ഇടയുണ്ട്.

ശ്രീ. എ. വി. ജോസഫ്: അതു കൃത്യമായി പാലിക്കാൻ ഗവൺമെണ്ട് ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുതന്നെയാണ് ഗവൺമെണ്ടിന്റെ നയം.

ശ്രീ. കെ. ആർ. ഇലഞ്ഞി: ഈ റൂൾ അതു കൃത്യമായി പാലിക്കണമെങ്കിൽ റിക്രൂട്ടുമെന്റതന്നെ പ്രദേശങ്ങളെ അടിസ്ഥാനപ്പെടുത്തി വേണ്ടിവരുമെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഈ റൂൾ ഭേദപ്പെടുത്തണമെന്നു് അഭിപ്രായമുള്ളതായി അറിയാമോ?

ശ്രീ ടി. കെ. നാരായണപിള്ള: അറിയാൻപാടില്ല.

നിറുത്തുന്ന ആഴ്ചപത്രികകൾ

*൩൫൦. (൧൧) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇന്നു സംസ്ഥാനത്തുള്ള ഏതെങ്കിലും ഡിസ്ട്രിക്ടാഴ്ചപത്രികകൾ നിറുത്തലാക്കാൻ ആലോചനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏവ;

(സി) അല്ലെങ്കിൽ ഡിസ്ട്രിക്ട് ആഴ്ചപത്രി വിപുലീകരിക്കാൻ ആലോചനയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ആശുപത്രികൾ നിറുത്തലാക്കാൻ ആലോചനയില്ല. എന്നാൽ മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിന്റെ റി ആർഗനൈസേഷൻ അനുസരിച്ചു് നാലു ഡിസ്ട്രിക്ടു് ആശുപത്രികൾമാത്രമേ ഉണ്ടായിരിക്കു എന്ന വ്യവസ്ഥയാണു് സ്വീകരിച്ചിട്ടുള്ളതു്. ബാക്കിയുള്ള ആശുപത്രികളെല്ലാം ഗവൺമെണ്ടാശുപത്രി എന്ന പേരിനാൽ അറിയപ്പെടുന്നതാണു്.

(ബി) ഉദിക്കുന്നില്ല.

(സി) കെട്ടിടം പണിയാൻ ഉത്തരവു കൊടുത്തിട്ടുണ്ടു്.

ശ്രീ. ഇ. പി. പൗലോസു്: ഡിസ്ട്രിക്ടു് ആശുപത്രികളിലുള്ള എല്ലാടുകളെല്ലാം മറ്റാശുപത്രികളിലും ഉണ്ടായിരിക്കുമോ?

ശ്രീ. എ. ജെ. ജാൺ: ഡിസ്ട്രിക്ടു് ആശുപത്രികളിൽ എല്ലാവിധ എല്ലാടുകളും കൂടുതൽ ഡാക്ടർമാരും ഉണ്ടായിരിക്കും. ബാക്കിയുള്ള ആശുപത്രികളെല്ലാം ഈ ഡിസ്ട്രിക്ടു് ആശുപത്രികളുടെ ഫീഡർ ആശുപത്രികളായിരിക്കും അവയുടേയും താഴയായിരിക്കും ഡിസ്പെൻസറികൾ.

ശ്രീ. ഈപ്പൻ അറയ്ക്കൽ: എല്ലാ ഡിസ്ട്രിക്ടു് ആശുപത്രികളിലും എക്സ്റേ ഉണ്ടായിരിക്കുമോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടായിരിക്കണമെന്നാണു് ഗവൺമെൻറുദ്ദേശിക്കുന്നതു്.

ശ്രീ. വി. ഗംഗാധരൻനായർ: കൊല്ലം ഡിസ്ട്രിക്ടു് ആശുപത്രിയിലെ സ്ഥലപരുക്കത്തെപ്പറ്റി ഗവൺമെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: പുതിയകെട്ടിടത്തിന്റെ പണി തീർന്നിട്ടുള്ളതുകൊണ്ടു് ഇപ്പോൾ അവിടെ സ്ഥലപരുക്കം ഇല്ലെന്നാണു് ഗവൺമെണ്ടു മനസിലാക്കുന്നതു്.

ശ്രീ. വി. ഗംഗാധരൻനായർ: സ്ഥലമില്ലാത്തതുകൊണ്ടു് അനേകം രോഗികൾ വരാന്തകളിൽകിടന്നു കഴിച്ചുകൂട്ടുകയാണെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അതിനെപ്പറ്റി പറയുകയാണെങ്കിൽ എല്ലാ ആശുപത്രികളിലും അങ്ങിനെ കണ്ടേക്കും. തിരുവനന്തപുരം ജനറലാശുപത്രിയിൽ തന്നെ നൂറു പേക്കു് വേണ്ട ബെഡുകളെ ഉള്ളു. പക്ഷെ അവിടെ എപ്പോഴും എഴുന്നൂറോ എണ്ണൂറോപേരുണ്ടായിരിക്കും.

ശ്രീ. ഈപ്പൻ അറയ്ക്കൽ: പുതിയ പദ്ധതിയനുസരിച്ചു് കൊല്ലത്തെ ഡിസ്ട്രിക്ടാശുപത്രികഴിഞ്ഞാൽ വളരെ അകലെ എറണാകുളത്തുമാത്രമേ മറ്റൊരു ഡിസ്ട്രിക്ടാശുപത്രി ഉണ്ടായിരിക്കുകയുള്ളു എന്നവിവരം ഗവൺമെണ്ടു ശ്രദ്ധിച്ചിട്ടുണ്ടോ?

Mr. Speaker: The member is supplying information and not asking for information.

Sri. P.Balakrishnan Tampi: In view of the answer given by the honourable member for health, will the Chair be pleased to waive the rule regarding adjournment motions and allow me to move an adjournment motion this evening. It is stated that all the hospitals except a few District hospitals will be converted into feeder hospitals. That raises serious consequences.

Mr. Speaker: The member may bring up his motion when the Chair will deal with it according to the rules.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: കൊല്ലത്തിനും എറണാകുളത്തിനും തമ്മിലുള്ള ദൂരം മനസ്സിലാക്കി അതിനു മദ്ധ്യത്തായി എവിടെയെങ്കിലും മറെറാരു ഡിസ്പെൻസറിക്കൂടി ഉണ്ടാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: തൽക്കാലം അങ്ങിനെ ഉദ്ദേശിക്കുന്നില്ല.

ശ്രീ. വി. ഗംഗാധരൻനായർ: കൊല്ലം ഡിസ്പെൻസറിയിൽ ഇപ്പോൾ എത്ര ബെഡുകളും എത്ര രോഗികളും ഉണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: എനിക്ക് നിശ്ചയമില്ല. ഒരു പക്ഷേ ബഹുമാനപ്പെട്ടമെമ്പർക്ക് അറിയാമായിരിക്കും.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ആലപ്പുഴ ഒരു ഡിസ്പെൻസറി കൊടുക്കുകയില്ലെന്നു വല്ല നിർബന്ധവുമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: നാലു ഡിസ്പെൻസറികൾ മാത്രം ഉണ്ടാക്കണമെന്നാണ് ഇപ്പോഴത്തെ സ്കീം. ആലപ്പുഴ ആശുപത്രിയെ ഡിസ്പെൻസറി ആശുപത്രി എന്നു വിളിക്കുന്നതുകൊണ്ട് യാതൊരു വിശേഷവും ഇല്ല. ഇപ്പോഴുള്ളതിനേക്കാൾ സകല സൌകര്യങ്ങളും മേലിലും അവിടെ ഉണ്ടായിരിക്കും.

ആയുർവേദാശുപത്രികൾ

*നമ്പർ (നമ്പർ) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിസദയം മറുപടി പറയുമോ.—

സംസ്ഥാനത്തെ എല്ലാഗ്രാമങ്ങളിലും ആയുർവേദാശുപത്രികൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

ഇല്ല. പക്ഷേ വൈദ്യസഹായം അത്യാവശ്യമാണെന്നുതോന്നുന്ന ഗ്രാമങ്ങളിൽ ആയുർവ്വേദാശുപത്രികൾ സ്ഥാപിക്കുന്നതാണ്.

ശ്രീ. എ. വി. ജോസഫ്: യാതൊരു വൈദ്യസഹായവും ലഭിക്കാത്തതായി ഈ സംസ്ഥാനത്തു എത്ര ഗ്രാമങ്ങളുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: പല ഗ്രാമങ്ങളുമുണ്ടായിരിക്കാം.

ശ്രീ. എ. വി. ജോസഫ്: ആ സ്ഥലങ്ങളിലെല്ലാം ഇതുപോലെയുള്ള ആശുപത്രികളെങ്കിലും സ്ഥാപിച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: ഒരാശുപത്രി സ്ഥാപിക്കണമെങ്കിൽ ൨,൦൦൦ രൂപയിൽക്കൂടുതൽ ചിലവുണ്ട്. അതുകൊണ്ട് ഗവൺമെണ്ടിന്റെ ധനസ്ഥിതിയനുസരിച്ചു പുതിയ ആശുപത്രികൾ സ്ഥാപിക്കാൻ നിവർത്തിയുള്ളൂ.

ശ്രീ. സി. സി. പ്രസാദ്: നിലവിലുള്ള ആയുർവ്വേദാശുപത്രികളുടെ നടത്തകളെപ്പററി എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ ജാൺ: പരാതി ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്: കൊടകരനിന്നും പരാതി കിട്ടിയിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: പരാതിയുണ്ടെങ്കിൽ അറിയിച്ചാൽ അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. സി. സി. പ്രസാദ്: പരാതി ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടെന്നറിഞ്ഞതുകൊണ്ടാണ് ഞാൻ ചോദിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly